**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - എറണാകുളം ജില്ലയിലെ കടമക്കുടി വാർഡ് - 2 ചേന്നൂർ മുതൽ മെയിൻ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.891/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 09/11/2018

---

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.10.2018 -ലെ ഡി5/533/2016/സി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കടമക്കുടി വാർഡ് -2 ചേന്നൂർ മുതൽ മെയിൻ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ, പരാമർശം പ്രകാരം സമർപ്പിച്ച 63 ലക്ഷം രൂപയുടെ (അറുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എറണാകുളം ജില്ലയിലെ കടമക്കുടി വാർഡ് -2 ചേന്നൂർ മുതൽ മെയിൻ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്കായി 63 ലക്ഷം രൂപയുടെ (അറുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റിന് ഭരണാനുമതിയും ഇതിനാവശ്യമായ തുക 2018-19 സാമ്പത്തിക വർഷത്തെ "4405 Capital Outlay on Fisheries – 103 Marine Fisheries – 94 Upgradation of Coastal Roads" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ